LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യെ മികവുറ്റതാക്കുന്നതിനുള്ള പ്രവർത്തനം

237 (622) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യെ സാങ്കേതികമായി മികവുറ്റതും സാമ്പത്തികമായി കെട്ടുറപ്പുള്ളതുമായ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. യെ സാങ്കേതികമായി മികവുറ്റതും സാമ്പത്തികമായി കെട്ടുറപ്പുള്ളതുമായ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആണ് നടന്നുവരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി വിവിധ കരാറുകളിൽ ഏർപ്പെട്ടു. വർഷങ്ങൾ പഴക്കമുള്ള ജലവൈദ്യുത പദ്ധതികളുടെ നവീകരണം. നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിച്ചു. പ്രസരണരംഗത്തെ നൂതന പദ്ധതികൾ. ജനോപകാരപ്രദമായ വിവരസാങ്കേതികവിദ്യയിൽ കൂതിച്ചുചാട്ടം. സ്ഥല പരിമിതിയും പൊതുജനങ്ങളുടെ എതിർപ്പുംമൂലം താപനിലയങ്ങളും, വനഭൂമി-പരിസ്ഥിതി സംബന്ധമായ കാരണങ്ങളാൽ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാൻ സാധിക്കാത്ത അവസ്ഥയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ പദ്ധതികളുമാണ് നിലവിൽ സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കി വരുന്നത്.

പുതിയ ജലവൈദ്യുത പദ്ധതികൾ: സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ആകെ 193.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), പെരിങ്ങൽകുത്ത് (24 മെഗാവാട്ട്), തൊട്ടിയാർ (40 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), അപ്പർകല്ലാർ (2 മെഗാവാട്ട്), ചാത്തൻകോട്ടുനട (6 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) തുടങ്ങിയ ജലവൈദ്യുത പദ്ധതികളുടേയും 85 ദശലക്ഷം യൂണിറ്റ് അധികസംഭരണശേഷി ലഭ്യമാകുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടേയും നിർമ്മാണം പുരോഗമിക്കുന്നു. ഈ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുമ്പോൾ വാർഷിക ഉൽപ്പാദന ശേഷി 539.20 ദശലക്ഷം യൂണിറ്റായി വർദ്ധിക്കും. ചെറുകിട ജലവൈദ്യുത പദ്ധതികൾ ആയ ആനക്കയം (7.5 മെഗാവാട്ട്), ഓലിക്കൽ (5 മെഗാവാട്ട്), പൂവാരംതോട് (3 മെഗാവാട്ട്), മാരിപ്പുഴ (6 മെഗാവാട്ട്) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തി വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. കൂടാതെ, അപ്പർ

LIBRARY ARCHIVES Kerala Legislative Assembly

ചെങ്കുളം (24 മെഗാവാട്ട്), ലാന്ദ്രും (3.5 മെഗാവാട്ട്), ചെന്മുകടവ് III (7.5 മെഗാവാട്ട്), മാങ്കുളം (40 മെഗാവാട്ട്), പീച്ചാട് (3 മെഗാവാട്ട്), വെസ്റ്റേൺ കല്ലാർ (5 മെഗാവാട്ട്), വളാംതോട് (7.5 മെഗാവാട്ട്), കീരിത്തോട് (12 മെഗാവാട്ട്), പശുക്കടവ് (4 മെഗാവാട്ട്), ചാത്തൻകോട്ടുനട I (5 മെഗാവാട്ട്), മാർമ്മല (7 മെഗാവാട്ട്) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലെ പ്രതികൂല സാഹചര്യങ്ങളിലും കേരളത്തിൽ 310 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങളിൽനിന്നും 70 മെഗാവാട്ട് കാറ്റാടിപ്പാടങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും ശേഷിക്കുന്ന സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ചെലവും വൈദ്യുതി വാങ്ങൽ ചെലവും യുക്തിസഹമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ചെലവും വൈദ്യുതി വാങ്ങൽ ചെലവും യുക്തിസഹമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നു.

1. കൂടിയ പലിശ നിരക്കിലുള്ള ലോണുകൾ തിരിച്ചടച്ച് കുറഞ്ഞ പലിശനിരക്കിലുള്ള ലോണുകൾ എടുക്കുന്നു.
2. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തന മികവ് വർദ്ധിപ്പിക്കുക.
3. ' ERP' മുതലായവ നടപ്പിലാക്കുന്നതുവഴി ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ ചെലവ് ചുരുക്കുക.
4. കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങൽ ചെലവ് ചുരുക്കുക.
5. കെ.എസ്.ഇ.ബി.-യുടെ കുടിശ്ശിക കൂടുതൽ ഊർജ്ജിത ശ്രമങ്ങളിലൂടെ പിരിച്ചെടുക്കുക എന്നിവയാണ്.